# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 747 — 10.02.2016 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവായി ഭാരിച്ച തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരിൽ നിന്ന് ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ച് നൽകുവാൻ സർക്കാരിന് നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br>(സി) ഉണ്ടെങ്കിൽ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി), (സി) & (ഡി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങളുടെയും നിർവ്വഹണത്തിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. സ്വകാര്യ ലാബുകൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ